KERALA AGRICULTURAL UNIVERSITY
REGIONAL AGRICULTURAL RESEARCH STATION, AMBALAVAYAL
AMBALAVAYAL P O, WAYANAD, KERALA - 673593
E mail: rarsamb@kau.in, adramb@kau.in, Phone: 04936-260421, 9188224421

നമ്പർ: ഇ - 6091/2025 തിയതി: 28/10/2025

## ടെൻഡർ നോട്ടീസ്

ഈ കേന്ദ്രത്തിന്റെ [കേരള കാർഷിക സർവകലാശാലയുടെ കീഴിൽ അമ്പലവയലിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം] ഫാമിലെ ആവശ്യത്തിനായി താഴെ ചേർക്കുന്ന സാമഗ്രികൾ ലഭ്യമാക്കാൻ താല്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും മൽസരാധിഷ്ഠിത ടെൻഡറുകൾ ക്ഷണിക്കുന്നു.

| ടെൻഡർ വിവരങ്ങൾ | നമ്പർ: ഇ-6091/2025<br>തിയതി: 28/10/2025 |
|---|---|
| ടെൻഡർ ലഭിക്കേണ്ട അവസാന സമയം | 07/11/2025 തിയതി 03:00 pm |
| ടെൻഡർ തുറക്കുന്ന സമയം | 07/11/2025 തിയതി 03:30 pm |
| ടെൻഡർ ഫീ | 472/- രൂപ<br>[400 രൂപാ ടെൻഡർ ഫീയും<br>72 രൂപാ ജി എസ് റ്റിയും സഹിതം] |
| നിരത ദ്രവ്യം [EMD] | 1500 രൂപാ |
| ടെൻഡർ കാലാവധി | ഒരു വർഷം<br>[ആദ്യ സപ്ലൈ ഓർഡർ തിയതി മുതൽ] |
| ടെൻഡർ സമർപ്പിക്കേണ്ട വിലാസം | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്,<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം,<br>അമ്പലവയൽ, വയനാട് - 673593 |

### ലഭ്യമാക്കേണ്ട PLUMBING സാമഗ്രികളുടെ വിവരണം

| PVC PIPE | | | |
|---|---|---|---|
| 1. | 20MM | PVC PIPE | 10 KG |
| 2. | 25MM | PVC PIPE | 10 KG |
| 3. | 32MM | PVC PIPE | 10 KG |
| 4. | 40MM | PVC PIPE | 6 KG |
| 5. | 50MM | PVC PIPE | 6 KG |
| 6. | 63MM | PVC PIPE | 4 KG |
| 7 | 75MM | PVC PIPE | 4 KG |
| 8 | 90 MM | PVC PIPE | 4 KG |
| 9 | 110MM | PVC PIPE | 4 KG |
| **SOCKET** | | | |
| 1. | 20 MM PVC | SOCKET | |
| 2. | 25MM PVC | SOCKET | |
| 3. | 32MM PVC | SOCKET | |
| 4. | 40MM PVC | SOCKET | |
| 5. | 50MM PVC | SOCKET | |
| 6. | 63MM PVC | SOCKET | |
| 7 | 75MM PVC | SOCKET | |
| 8 | 90MM PVC | SOCKET | |
| 9 | 110MM PVC | SOCKET | |
| | | | |
| **ELBOW** | | | |
| 1. | 20 MM PVC | ELBOW | |
| 2. | 25MM PVC | ELBOW | |
| 3. | 32MM PVC | ELBOW | |
| 4. | 40MM PVC | ELBOW | |
| 5. | 50MM PVC | ELBOW | |
| 6. | 63MM PVC | ELBOW | |

| | | | |
|---|---|---|---|
| 7. | 75MM PVC | ELBOW | |
| 9 | 110MM PVC | ELBOW | |
| | **REDUCER** | | |
| 1 | 110X90 PVC REDUCER | | |
| 2 | 110X50 PVC REDUCER | | |
| 3 | 110X63 PVC REDUCER | | |
| 4 | 110X75PVC REDUCER | | |
| 5 | 75X63 PVC REDUCER | | |
| 6 | 75X50 PVC REDUCER | | |
| 7 | 90X75 PVC REDUCER | | |
| 8 | 63X50 PVC REDUCER | | |
| 9 | 50X32 PVC REDUCER | | |
| 10 | 32X25 PVC REDUCER | | |
| | **PVC FTA** | | |
| 1 | 110MM PVC FTA | | |
| 2 | 90MM PVC FTA | | |
| 3 | 75MM PVC FTA | | |
| 4 | 63MM PVC FTA | | |
| 5 | 50MM PVC FTA | | |
| 6 | 40MM PVC FTA | | |
| 7 | 32MM PVC FTA | | |
| 8 | 25MM PVC FTA | | |
| | 20 MM PVC FTA | | |
| | **PVC TEE** | | |
| 1 | 110MM PVC TEE | | |
| 2 | 90 MM PVC TEE | | |
| 3 | 75 MM PVC TEE | | |
| 4 | 63 MM PVC TEE | | |
| 5 | 50 MM PVC TEE | | |
| 6 | 40MM PVC TEE | | |
| 7 | 32MM PVC TEE | | |
| 8 | 25MM PVC TEE | | |
| 9 | 20MM PVC TEE | | |
| | **PVC MTA** | | |
| 1 | 110MM PVC MTA | | |
| 2 | 90MM PVC MTA | | |
| 3 | 75MM PVC MTA | | |
| 4 | 63MM PVC MTA | | |
| 5 | 50MM PVC MTA | | |
| 6 | 40MM PVC MTA | | |
| 7 | 32MM PVC MTA | | |
| 8 | 25MM PVC MTA | | |
| 9 | 20MM PVC MTA | | |
| 1 | 250ML SOLVENT | | |
| 2 | 100ML SOLVENT | | |
| 3 | SHELLACK | | |
| | **BALLVALVE** | | |
| 1 | ¾" BALLVALVE | | |
| 2 | 1" BALLVALVE | | |
| 3 | 11/4" BALLVALVE | | |
| 4 | 11/2" BALLVALVE | | |
| 5 | 2" BALLVALVE | | |

## വ്യവസ്ഥകളും നിർദേശങ്ങളും

1 കേരള കാർഷിക സർവകലാശാലാ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത ടെൻഡർ ഫോമാണ് ഉപയോഗിക്കേണ്ടത് [വെബ്സൈറ്റ് വിലാസം: http://www.kau.in/tenders]. ടി ഫോമിലെ 1, 2, 10 എന്നീ പേജുകൾ കൃത്യമായും പൂർണമായും പൂരിപ്പിക്കേണ്ടതാണ്.

2 മേൽപ്പറഞ്ഞ സാമഗ്രികൾ ഈ കേന്ദ്രത്തിൽ എത്തിച്ച് തരുന്നതിന് വിലയും, കയറ്റിറക്ക്, നികുതികൾ, മറ്റെല്ലാ ചെലവുകളും ഉൾപ്പെടെ ലഭിക്കേണ്ടതായ ഏറ്റവും കുറഞ്ഞ തുകയാണ് രേഖപ്പെടുത്തേണ്ടത്. ക്രമ നമ്പരിൽ കാണിച്ച ഇനങ്ങൾക്കും ലഭിക്കേണ്ട തുക ഓരോന്നിനും പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്. ഇതിനു പുറമെയുള്ള ഏതെങ്കിലും നിരക്ക് ആവശ്യമെങ്കിൽ ആയത് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

3 ടെൻഡർ ഫോം അടങ്ങുന്ന സീൽ ചെയ്ത കവറിനു പുറത്ത് **'പ്ലംബിംഗ് സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള ടെൻഡർ'** എന്നും, ടെൻഡർ സമർപ്പിക്കേണ്ട വിലാസവും, അപേക്ഷകന്റെ ഫോൺ നമ്പർ സഹിതമുള്ള വിലാസവും രേഖപ്പെടുത്തേണ്ടതാണ്.

4 ടെൻഡർ ഫീ [1500 രൂപ], അതിന്മേലുള്ള ജി എസ് റ്റി [720 രൂപ], നിരത ദ്രവ്യം [5000 രൂപ] എന്നിവ പണമായോ ASSOCIATE DIRECTOR, R A R S, AMBALAVAYAL എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന മൂന്നു വ്യത്യസ്ത ഡിമാൻഡ് ഡ്രാഫ്റ്റുകളായോ അടവാക്കേണ്ടതാണ്. ടി ഡിമാൻഡ് ഡ്രാഫ്റ്റുകളുടെ അസൽ, ടെൻഡർ ഫോം സമർപ്പിക്കുന്ന സമയത്ത് ഈ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്.

5 ഖണ്ഡിക [1] വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ [Format of agreement to be submitted along with the tender] 200 രൂപാ മൂല്യമുള്ള കേരള മുദ്രപത്രത്തിൽ കരാർ ചമക്കേണ്ടതും ആയത് ടെൻഡർ ഫോമിനൊപ്പം ഹാജരാക്കേണ്ടതുമാണ് [Purchasing Officer: The Associate Director of Research, Regional Agricultural Research Station, Ambalavayal, Wayanad - 673593]. ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ രേഖ [ആധാറിനു മുൻഗണന], ബാങ്ക് അക്കൗണ്ട് എന്നിവയുടെ പകർപ്പുകൾ ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കേണ്ടതാണ്. ടെൻഡർ ഫീ, നിരത ദ്രവ്യം, കരാർ പത്രം എന്നിവയും, നിർദേശിച്ചിട്ടുള്ള മറ്റു രേഖകളും സമർപ്പിക്കാത്ത ടെൻഡറുകൾ പരിഗണിക്കുന്നതല്ല.

6 ടെൻഡറുകൾ ഈ ഓഫീസിൽ നേരിട്ടോ മേൽ സൂചിപ്പിച്ച വിലാസത്തിൽ തപാലിലോ സമർപ്പിക്കാവുന്നതാണ്. തപാലിൽ അയക്കുന്ന ടെൻഡറുകൾ നിശ്ചിത സമയത്തിനു മുൻപേ ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു മുൻപായി ലഭിക്കാത്തതോ, ഏതെങ്കിലും തരത്തിൽ അപൂർണമോ അവ്യക്തമോ ആയ ടെൻഡറുകളും പരിഗണിക്കുന്നതല്ല.

7 ടെൻഡർ സമർപ്പിക്കുന്ന വ്യക്തിക്കോ/സ്ഥാപനത്തിനോ അല്ലെങ്കിൽ ടിയാൾ രേഖാമൂലം ചുമതലപ്പെടുത്തുന്ന ആൾക്കോ ടെൻഡർ നടപടികളിൽ പങ്കെടുക്കാവുന്നതാണ്. അപ്രകാരം പ്രതിനിധീകരിക്കുന്നവർ മതിയായ തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടതും, ടിയാളുടെ നടപടികളിൽ ടെൻഡർ അപേക്ഷകർ ഉത്തരവാദികളാകുന്നതുമാണ്.

8 ടെൻഡർ ഉറപ്പിക്കുന്നതിനായി 07/11/2025 തിയതിയിൽ ആദ്യ ഘട്ടമായി പകൽ 03:30 മണിക്കു പരസ്യ ലേലം നടത്തുന്നതും, തുടർന്ന് ടെൻഡറുകൾ തുറക്കുന്നതും, അതിനു ശേഷം രഹസ്യ ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ഈ മൂന്നു ഘട്ടങ്ങളിലുമായി ഏറ്റവും കുറഞ്ഞ നിരക്ക് വാഗ്ദാനം ചെയ്യുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് മറ്റു നിബന്ധനകൾക്കു വിധേയമായി ടെൻഡർ ഉറപ്പിച്ചു നൽകുന്നതാണ്. ഒരു തവണ ടെൻഡർ ഫീയും നിരത ദ്രവ്യവും അടക്കുന്നവർക്ക് മൂന്നു ഘട്ടങ്ങളിലും പങ്കെടുക്കാവുന്നതാണ്.

9 ഖണ്ഡിക [8] പ്രകാരം ടെൻഡർ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി/സ്ഥാപനം, ടെൻഡർ തുകയുടെ അഞ്ചു ശതമാനം തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി അടവാക്കേണ്ടതാണ്. ടി തുക പണമായോ ASSOCIATE DIRECTOR, R A R S, AMBALAVAYAL എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായോ, ടേം ഡെപ്പോസിറ്റ് രശീതി, ബാങ്ക് ഗാരന്റി എന്നിവയായോ അടവാക്കാവുന്നതാണ്. ബാങ്ക് ഗാരന്റി രേഖ ഖണ്ഡിക [1] വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ [Format of bank guarantee for furnishing security deposit] തയാറാക്കേണ്ടതാണ്. ടി വ്യക്തി/സ്ഥാപനം, വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ [Format of agreement to be submitted at the time of supply of Items] 200 രൂപാ മൂല്യമുള്ള കേരള മുദ്രപത്രത്തിൽ കരാർ ചമക്കേണ്ടതാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കരാർ പത്രം എന്നിവയുടെ അസലും, പാൻ കാർഡ്, ജി എസ് റ്റി രജിസ്ട്രേഷൻ കാർഡ് എന്നിവയുടെ പകർപ്പുകളും, ടെൻഡർ തുറന്ന തിയതി മുതൽ ഒരാഴ്ചക്കകം ഈ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്.

10 ടെൻഡർ ഉറപ്പിച്ചു കിട്ടുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് ഈ കേന്ദ്രത്തിൽ നിന്നും അയക്കുന്ന സപ്ലൈ ഓർഡർ തിയതി മുതൽ അടുത്ത ഒരു വർഷത്തേക്കാണ് ഈ ടെൻഡറിന്റെ കാലാവധി. നിലവിൽ കണക്കാക്കിയിരിക്കുന്നതിനേക്കാൾ കൂടുതൽ അളവിൽ സാമഗ്രികൾ ആവശ്യമായി വരുന്നപക്ഷം ടെൻഡറിൽ പ്രതിപാദിക്കുന്ന നിരക്കിൽ എത്തിച്ചു തരേണ്ടതാണ്

11 ഈ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്ന സപ്ലൈ ഓർഡറിൽ നിർദേശിക്കുന്നതു പ്രകാരമുള്ള അളവിലുള്ള സാമഗ്രികൾ സമയ ബന്ധിതമായും കാര്യക്ഷമമായും എത്തിക്കേണ്ടതാണ്. വിതരണം ചെയ്യുന്ന സാമഗ്രികൾ ഏറ്റവും മികച്ച ഗുണനിലവാരം പുലർത്തുന്നതായിരിക്കണം. കയറ്റിറക്കിലോ യാത്രയിലോ മറ്റോ കേടുപാടുകൾ സംഭവിച്ച സാമഗ്രികൾ സ്വീകരിക്കുന്നതല്ല.

12 ടെൻഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ഏർപ്പാടാക്കുന്ന വാഹനങ്ങളോ തൊഴിലാളികളോ കാരണമായി ഈ കേന്ദ്രത്തിന്റെ സ്ഥാവര - ജംഗമ സ്വത്തുക്കൾക്ക് ഏതെങ്കിലും തരത്തിലുള്ള കഷ്ടനഷ്ടങ്ങൾ നേരിടേണ്ടിവരുന്നപക്ഷം ആയത് ടെൻഡർ ലഭിക്കുന്നവരിൽ നിന്നും സർക്കാർ നിയമങ്ങൾ പ്രകാരം ഈടാക്കുന്നതാണ്.

13 ഏതെങ്കിലും കാരണത്താൽ ഏതെങ്കിലും ടെൻഡറുകൾ തള്ളിക്കളയുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം ഈ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്. അത്തരം കാര്യങ്ങളിലുള്ള കേന്ദ്രം മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

14 ലഭ്യമാക്കുന്ന സാമഗ്രികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഇൻവോയ്സ് തയാറാക്കി ഫാം സൂപ്രണ്ടിനു സമർപ്പിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നൽകേണ്ടതായ തുക കണക്കാക്കി അതതു കാലങ്ങളിലുള്ള സർക്കാർ - സർവകലാശാലാ നിർദേശങ്ങൾ പ്രകാരമുള്ള നികുതികൾ ഈടാക്കിയ ശേഷമുള്ള തുക ടെൻഡർ ലഭിക്കുന്നവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതുമാണ്.

15 ടെൻഡറുകളുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെയും, കേരള കാർഷിക സർവകലാശാലയുടെയും എല്ലാ നിയമങ്ങളും നിബന്ധനകളും നിർദേശങ്ങളും ഉത്തരവുകളും വ്യവസ്ഥകളും ഈ ടെൻഡറിനും ബാധകമാണ്.

16 ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം ടെൻഡർ തുറക്കാൻ കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തു തന്നെ ടെൻഡർ തുറക്കുന്നതാണ്.

17 ഈ ടെൻഡറുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ആവശ്യമാണെങ്കിൽ ഓഫിസ് സമയത്തു നേരിട്ടോ 04936 – 260421/260561, 9495552825, 9188224421 എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്

**//അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന്റെ ഉത്തരവിൻ പ്രകാരം//**

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

**സ്വീകർത്താക്കൾ:**

ഡയറക്ടർ ഓഫ് ഇൻഫർമേഷൻ സിസ്റ്റംസ്, കേരള കാർഷിക സർവകലാശാല
[കെ എ യു വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി]
നോട്ടീസ് ബോർഡ് [ആർ എ ആർ എസ്, ഫാം ഓഫിസ്, കെ വി കെ, അമ്പലവയൽ പഞ്ചായത്ത് ഓഫിസ്, അമ്പലവയൽ വില്ലേജ് ഓഫിസ്, അമ്പലവയൽ കൃഷി ഭവൻ]
ഫാം സൂപ്രണ്ട്/ഫാം ഇൻ ചാർജ്/ഫയൽ